നം.ഡബ്ല്യു.എം.3/38/2023/തസ്വഭവ
തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്
തിരുവനന്തപുരം,
തീയതി: 28.04.2023

# സർക്കുലർ

വിഷയം :- മാലിന്യമുക്തം നവകേരളം' ക്യാമ്പയിനും മഴക്കാലപൂർവ്വ ശുചീകരണ പരിപാടിയുടെയും ഭാഗമായി പൊതു ഇടങ്ങളിലെ മാലിന്യക്കൂമ്പാരങ്ങൾ കണ്ടെത്തി ജിയോ ടാഗ് ചെയ്യുന്നതും നീക്കം ചെയ്യുന്നതും സംബന്ധിച്ച്:

സൂചന :- 1. **08/03/23, 10/03/23, 13/03/23** തിയ്യതിയിലെ കോടതി ഉത്തരവ്

2.. കോടതി ഉത്തരവിനെ അടിസ്ഥാനമാക്കി ഇറക്കിയ **15/03/23** തിയ്യതിലെ **619/2023 LSGD** നമ്പർ ഉത്തരവ്

3. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട **08/03/2023** തിയ്യതിയിലെ **WM/3/38/2023/ LSGD** ഉത്തരവ്

4. **18.04.2023** ന തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ നടന്ന യോഗ തീരുമാനങ്ങൾ

'മാലിന്യമുക്തം നവകേരളം' ക്യാമ്പയിന്റെ ഭാഗമായി ശുചിത്വ –മാലിന്യ സംസ്കരണ സംവിധാനം കേരളത്തിലെ മുഴുവൻ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ഉറപ്പാക്കുന്നതിനും **2025** മാർച്ചോടെ മാലിന്യ മുക്ത കേരളം ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരികയായിരുന്നു. മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളും 'മാലിന്യമുക്തം നവകേരളം' ക്യാമ്പയിനുമായി സംയോജിപ്പിച്ച് സംഘടിപ്പിക്കാനും സൂചന: **3** പ്രകാരം പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. എന്നാൽ ബ്രഹ്മപുരം പ്ലാന്റിലെ തീപിടുത്തത്തിന്റെ പശ്ചാത്തലത്തിൽ സൂചന **2** പ്രകാരം ഒരു വർഷമായി പുന:ക്രമീകരിച്ച് ഉത്തരവായിട്ടുണ്ട്. കേരളത്തെ മാലിന്യ മുക്ത സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി **2016** ലെ ഖരമാലിന്യ പരിപാലന ചട്ടം, ദുരന്ത നിവാരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ കോടതി സൂചന: **1** പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, പൊതു ഇടങ്ങളിലെ മാലിന്യ കൂനകൾ സമയബന്ധിതമായി നീക്കം ചെയ്യണമെന്നും കോടതി നിർദ്ദേശമുണ്ട്. പൊതു ഇടങ്ങളിലെ, മാലിന്യ നിക്ഷേപ കൂനകൾ വൃത്തിയാക്കുന്നതിന്റെ ആദ്യ പടിയായി കേരളത്തിലെ എല്ലാ മാലിന്യക്കൂമ്പാരങ്ങളും കണ്ടെത്തുകയും ജിയോ ടാഗ് ചെയ്യണമെന്നും തീരുമാനിച്ചിട്ടുണ്ട്. ഈ പ്രവർത്തനം ഒരാഴ്ചക്കുള്ളിൽ പൂർത്തിയാക്കേണ്ടതുണ്ട്. ആയതിനാൽ തദ്ദേശ

Scanned with CamScanner

സ്വയം ഭരണ വകുപ്പും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും, ആരോഗ്യ വകുപ്പും ചുവടെ പറയുന്ന പ്രവർത്തനങ്ങൾ സംയോജിതമായി പ്രവർത്തിച്ച് സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്.

1. 'മാലിന്യമുക്തം നവകേരളം' - ക്യാമ്പയിനും മഴക്കാല പൂർവ്വ ശുചീകരണം - ഗാർബേജ് വർണറബിൾ പോയിന്റ് (GVP) മാപ്പിംഗ് എന്നിവക്കായി ആരോഗ്യ വകുപ്പിൽ സംസ്ഥാന, ജില്ലാതലത്തിൽ നോഡൽ ഓഫീസറന്മാരെ നിയോഗിക്കേണ്ടതാണ്. തദ്ദേശ ഭരണ വകുപ്പിന് കീഴിൽ ഇതിനായി രൂപീകരിച്ചിട്ടുള്ള സംസ്ഥാന, ജില്ലാ കാമ്പെയ്ൻ സെക്രട്ടേറിയേറ്റുമായി സംയോജിച്ച പ്രവർത്തനങ്ങൾ നീക്കേണ്ടതാണ്.

2. മാലിന്യ കൂമ്പാരങ്ങൾ (ഗാർബേജ് വർണറബിൾ പോയിന്റ് (GVP) മാപ്പിംഗ് മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി വാർഡ് തല ആരോഗ്യ ജാഗ്രതാ സമിതിയുടെ നേതൃത്വത്തിൽ ചെയ്യണം. ഇത് സംബന്ധിച്ച നിർദ്ദേശം ആരോഗ്യ വകുപ്പിന്റെ ഭാഗത്തു നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അടിയന്തിരമായി നൽകണം. HI, JHI, JPHN , ആശ എന്നിവർക്ക് പുറമെ വാർഡ് തല ആരോഗ്യ ജാഗ്രതാ സമതിയിലെ മറ്റ് അംഗങ്ങളുടെ സേവനവും ഇതിലേക്ക് പ്രയോജനപ്പെടുത്തേണ്ടതാണ്. കുടുംബശ്രീ അംഗങ്ങൾ, മറ്റു സന്നദ്ധ പ്രവർത്തകർ എന്നിവരെയും ഈ പരിപാടിയിൽ അണി നിരത്തണം. ഇതിനുള്ള നടപടി തദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സ്വീകരിക്കണം.

3. ജിയോ ടാഗ് ചെയ്ത എല്ലാ മാലിന്യ കൂനകളും നീക്കം ചെയ്യുന്നതിന് തദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്. മഴക്കാല പൂർവ്വ ശുചീകരണ പരിപാടിയിലെ ഒരു മുഖ്യ പ്രവർത്തനമാണിത്.

4. ഗാർ ബേജ് വർണറബിൾ പോയിന്റ് (GVP) mapping പരിശീലനം ആരോഗ്യ ജാഗ്രതാ സമതി അംഗങ്ങൾക്ക് നൽകാൻ അടിയന്തിര ക്രമീകരണം ഉണ്ടാക്കണം. ഇതിനായി ജില്ലാ ശുചിത്വ മിഷൻ കോ-ഓഡിനേറ്ററന്മാർ അടിയന്തിരനടപടി ആരോഗ്യ വകുപ്പ് നോഡൽ ഓഫീസരുനൽയി ബന്ധപെട്ടു സ്വീകരിക്കണം.

5. നഗരസഭാ പ്രദേശത്ത് ആരോഗ്യ വകുപ്പിന്റെ ജീവനക്കാരില്ലാത്ത പ്രദേശങ്ങളിൽ ഗാർ ബേജ് വർണറബിൾ പോയിന്റ് (GVP) mapping ചെയ്യുന്നതിന് നഗരസഭാ ആരോഗ്യ വിഭാഗം ജീവനക്കാരുടെ സേവനം ബന്ധപ്പെട്ട നഗരസഭയുടെ നേതൃത്വത്തിൽ പ്രയോജനപ്പെടുത്തണം.

6. മാലിന്യ മുക്ത കേരളത്തിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി ക്യാമ്പെയ്ൻ സെക്രട്ടേറിയറ്റ് - സിറ്റിസൺ education നായി ഒരു ജനകീയ കാമ്പെയ്ൻ ആവിഷ്കരിക്കുന്നുണ്ട്. വീടുകളിലും സ്ഥാപനങ്ങളിലും ജനപ്രതിനിധികളുടെയും സന്നദ്ധ പ്രവർത്തകരുടെയും ഹരിത കർമ്മസേന RP മാരുടെയും പങ്കാളിത്തത്തോടെ സന്ദർശനം നടത്തുകയും മാലിന്യ പരിപാലന മാര്ഗ രീതികളും ന്യൂനതകളുണ്ടെങ്കിൽ പരിഹാര നിർദേശവും നൽകേണ്ടതുണ്ട്. ആരോഗ്യ വകുപ്പിന്റെ ഫീൽഡ് ജീവനക്കാർ ഔദ്യോഗിക ചുമതലാ നിർവ്വഹണത്തിനായി ഗൃഹസന്ദർശനം നടത്തുമ്പോൾ ശാസ്ത്രീയ മാലിന്യ സംസ്ക്കരണ സംവിധാനമില്ലാത്ത വീടുകൾക്കും സ്ഥാപനങ്ങൾക്കും പൊതുജനാ

Scanned with CamScanner

രോഗ്യ നിയമപ്രകാരം നോട്ടീസ് നൽകണം, തുടർന്ന് പ്രസ്തുത വീടുകളുടേയും സ്ഥാപനങ്ങളുടെയും വിവരം രേഖാമൂലം ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിക്ക് തുടർനടപടികൾക്കായി കൈമാറണം.

7. വാർഡിലെ മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കുന്നതിനും 2016 ലെ ഖരമാലിന്യ പരിപാലനചട്ടങ്ങൾ, മുഴുവൻ ജനങ്ങളിലും എത്തിക്കുന്നതിനും രോഗപ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനം മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും ഉറപ്പാക്കുന്ന വാർഡു തല സംഘടനാ സംവിധാനമായി ആരോഗ്യസമിതികളെ കാണണം. ഈ സമിതികളെ ശാക്തീകരിക്കാനുള്ള നടപടി ആരോഗ്യ സ്ഥാപനങ്ങളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും സംയുക്തമായി സ്വീകരിക്കേണ്ടതാണ്.

8. ആരോഗ്യ വകുപ്പിന്റെയും തദ്ദേശ ഭരണ വകുപ്പിന്റെയും ബ്ലോക്ക് -ജില്ലാ -സംസ്ഥാന റിവ്യൂ യോഗങ്ങളിൽ മാലിന്യ സംസ്ക്കരണ രംഗത്തെ പ്രവർത്തനം കർശനമായി റിവ്യൂ ചെയ്യണം.

9. ആരോഗ്യ വകുപ്പിലെ ഫീൽഡ് ജീവനക്കാരും ആശ പ്രവർത്തകരും ശരിയായി മാലിന്യ സംസ്ക്കരണമില്ലാത്തതു കൊണ്ട് ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് വ്യാപകമായി ബഹുജന ക്ലാസ്സുകൾ കാമ്പെയ്ൻ ടീമുകളുടെ സഹായത്തോടെ സംഘടിപ്പിക്കണം.

10. തദ്ദേശ ഭരണ സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാരും ആശ പ്രവർത്തകരും സ്വന്തം വീടുകൾ മാലിന്യ സംസ്ക്കരണത്തിന് മാതൃകയാക്കണം.

11. 'മാലിന്യ മുക്തം നവകേരളം' ക്യാമ്പയിന്റെ പ്രവർത്തനങ്ങൾക്കും മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഏകോപനത്തിനും ജില്ലാ മെഡിക്കൽ ഓഫീസർ ജില്ലാ പ്രോഗ്രാം മാനേജർ (നാഷണൽ ഹെൽത്ത് മിഷൻ) എന്നിവർ മാലിന്യ സംസ്കരണ പ്രവർത്തനത്തിനായിട്ടുള്ള ജില്ലാ തല ഏകോപന സമിതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കേണ്ടതാണ്.

ശാരദാ മുരളീധരൻ ഐ.എ.എസ്. ,
അഡീഷണൽ ചീഫ് സെക്രട്ടറി,
തദ്ദേശസ്വയംഭരണ വകുപ്പ്

ടിങ്കു ബിസ്വാൾ ഐ.എ.എസ്.,
പ്രിൻസിപ്പൽ സെക്രട്ടറി,
ആരോഗ്യകുടുംബക്ഷേമ വകുപ്പ്.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.
ഡയറക്ടർ, ആരോഗ്യ വകുപ്പ്.
ഡയറക്ടർ, തദ്ദേശസ്വയംഭരണ (അർബൻ) വകുപ്പ്.
ഡയറക്ടർ, തദ്ദേശസ്വയംഭരണ (റൂറൽ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.

Scanned with CamScanner

എല്ലാ തദ്ദേശസ്വയംഭരണ സെക്രട്ടറിമാർക്കും (വകുപ്പ് അദ്ധ്യക്ഷൻ മുഖേന)
ഡയറക്ടർ, ഐ.കെ.എം.
ഡയറക്ടർ, ഐ&പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ് :
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിക്ക്.

Scanned with CamScanner